**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **08-08-2023 - ൽ മറുപടിയ്ക്ക്**

**നഴ്സിംഗ് കോഴ്സുകൾക്ക് പുതുതായി കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബി.എസ്.സി നഴ്സിംഗ് ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് സീറ്റുകൾ ലഭ്യമല്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും പഠനത്തിനായി വിദ്യാർത്ഥികൾ പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനായി സർക്കാർ/ ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യാതെ പുതിയ നേഴ്സിംഗ് കോളേജുകൾ സർക്കാർ/ പൊതുമേഖല/ സ്വാശ്രയ മേഖലകളിൽ ആരംഭിച്ചുകൊണ്ട്, വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളെ/ രാജ്യങ്ങളെ ആശ്രയിക്കാതെ കേരളത്തിൽ തന്നെ നേഴ്സിംഗ് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് സർക്കാരിന്റെ നയം. 2022-23 അധ്യയന വർഷം സർക്കാർ മേഖലയിലും, സ്വകാര്യ മേഖലയിലുമായി 7858 സീറ്റാണ് ബി.എസ്.സി നഴ്സിംഗിന് ഉണ്ടായിരുന്നത്. ആയത് 2023-24 അക്കാഡമിക് വർഷത്തിൽ 8215 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതുകൂടാതെ, പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് 750 സീറ്റുകളും, എം.എസ്.സി. നഴ്സിംഗ് കോഴ്സിന് 498 സീറ്റുകളും സംസ്ഥാനത്ത് നിലവിലുണ്ട്. എം.എസ്.സി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സിന് 2023-24 അദ്ധ്യയന വർഷത്തേയ്ക്ക് പുതുതായി 16 സീറ്റുകൾ കൂടി സർക്കാർ മേഖലയിൽ അനുവദിച്ചിട്ടുണ്ട്. നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യത കൂടുതലായതിനാൽ നഴ്സിംഗ് പഠനത്തിനായി താത്പര്യം പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലാണ് എന്നത് വസ്തുതയാണ്. വിദ്യാർത്ഥികൾക്ക് നമ്മുടെ സംസ്ഥാനത്തു തന്നെ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ സർക്കാർ നേഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനും നെയ്യാറ്റിൻകര, തളിപ്പറമ്പ്, ധർമ്മടം, കോന്നി, നൂറനാട് എന്നീ സ്ഥലങ്ങളിൽ സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിക്ക് കീഴിൽ നേഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനും സ.ഉ (കൈ) നം. 190/2023/ആ.കു.വ തീയതി 05.08.2023 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ വിദ്യാർത്ഥികൾക്ക് നമ്മുടെ സംസ്ഥാനത്ത് തന്നെ പഠനം നടത്താനായി കൂടുതൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനായി സർക്കാർ/ ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യാതെ പുതിയ നേഴ്സിംഗ് കോളേജുകൾ സർക്കാർ/ പൊതുമേഖല/ സ്വാശ്രയ മേഖലകളിൽ ആരംഭിച്ചുകൊണ്ട്, വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളെ/ രാജ്യങ്ങളെ ആശ്രയിക്കാതെ കേരളത്തിൽ തന്നെ നേഴ്സിംഗ് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് സർക്കാരിന്റെ നയം. 2022-23 അധ്യയന വർഷം സർക്കാർ മേഖലയിലും, സ്വകാര്യ മേഖലയിലുമായി 7858 സീറ്റാണ് ബി.എസ്.സി. നഴ്സിംഗിന് ഉണ്ടായിരുന്നത്. ആയത് 2023-24 അക്കാഡമിക് വർഷത്തിൽ 8215 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതുകൂടാതെ, പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് 750 സീറ്റുകളും, എം.എസ്.സി. നഴ്സിംഗ് കോഴ്സിന് 498 സീറ്റുകളും സംസ്ഥാനത്ത് നിലവിലുണ്ട്. എം.എസ്.സി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സിന് 2023-24 അധ്യയന വർഷത്തേയ്ക്ക് പുതുതായി 16 സീറ്റുകൾ കൂടി സർക്കാർ മേഖലയിൽ അനുവദിച്ചിട്ടുണ്ട്. നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യത കൂടുതലായതിനാൽ നഴ്സിംഗ് പഠനത്തിനായി താത്പര്യം പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലാണ് എന്നത് വസ്തുതയാണ്. വിദ്യാർത്ഥികൾക്ക് നമ്മുടെ സംസ്ഥാനത്തു തന്നെ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ സർക്കാർ നേഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനും നെയ്യാറ്റിൻകര, തളിപ്പറമ്പ്, ധർമ്മടം, കോന്നി, നൂറനാട് എന്നീ സ്ഥലങ്ങളിൽ സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിക്ക് കീഴിൽ നേഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനും സ.ഉ (കൈ) നം. 190/2023/ആ.കു.വ തീയതി 05.08.2023 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ